## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവല്ല നഗരസഭ - ടൗൺ പ്ലാനിംഗ് സെക്ഷനിലെ ക്രമക്കേടും അഴിമതിയും സംബന്ധിച്ച പരാതി - വിജിലൻസ് മിന്നൽ പരിശോധന - സൂപ്രണ്ട് ശ്രീ. വി. രാജഗോപാലൻ പിള്ള - യു.ഡി.ക്ലാർക്ക്, ശ്രീ. കെ. ജി. മുരളീധരൻ നായർ എന്നിവരുടെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധ)നം. 2516/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 10.10.2013

---

പരാമർശം:-
1) ജി.ഒ.(ആർ.ടി)2154/13/തസ്വഭവ. തീയതി 23.8.2013.
2) ശ്രീ. കെ.ജി.മുരളീധരന്റെ 27.8.2013 തീയതിയിലെ പുന:പരിശോധനാ ഹർജ്ജി.
3) തിരുവല്ല മുനിസിപ്പൽ ചെയർ പേഴ്സന്റെ 3.9.2013-ലെ G3-12490/12 നമ്പർ കത്തും 2.9.2013-ലെ 5-ാം നമ്പർ കൗൺസിൽ തീരുമാനവും.

### ഉത്തരവ്

തിരുവല്ല നഗരസഭയിൽ 3.1.2013-ൽ വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീമതി.രഞ്ജിമ എന്ന സ്വകാര്യ വ്യക്തി യു.ഡി.ക്ലാർക്കിന് സമീപം കസേരയിട്ട് അനധികൃതമായി ബിൽഡിംഗ് പെർമിറ്റ് സംബന്ധമായ ഫയലുകൾ കൈകാര്യം ചെയ്യുന്നതായി കണ്ടെത്തി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ സൂപ്രണ്ട് ശ്രീ. വി. രാജഗോപാല പിള്ള, യു.ഡി.ക്ലാർക്ക്, ശ്രീ. കെ.ജി. മുരളീധരൻ എന്നിവരെ മേൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു.

പ്രസ്തുത സസ്പെൻഷൻ ഉത്തരവ് പുന:പരിശോധിക്കണമെന്ന് അപേക്ഷിച്ച് പരാമർശം (2) (3) പ്രകാരം പുന:പരിശോധനാ ഹർജികൾ സമർപ്പിച്ചിരുന്നു.

സർക്കാർ പ്രസ്തുത ഹർജികൾ പരിശോധിച്ചു 19.10.2009 മുതൽ 18.10.2010 വരെ അപ്രന്റീസ് ആയി ജോലി ചെയ്തിരുന്ന ശ്രീമതി. രഞ്ജിമയെ ടിയാരിയുടെ 1.3.2011-ലെ അപേക്ഷ പ്രകാരം വീണ്ടും unpaid apprentice ആയി നിയമിച്ചുകൊണ്ട് 3.3.2011-ലെ ജി.1/ഡബ്ള്യു2/8839/99 ഉത്തരവ് പ്രകാരം നഗരസഭാ സെക്രട്ടറി നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം വ്യക്തമായ നിയമന ഉത്തരവ് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ഉദ്യോഗസ്ഥരുടെ സസ്പെൻഷന് പ്രസക്തിയില്ല എന്നു കാണുന്നു. ശ്രീ.രാജഗോപാലപിള്ള, മുനിസിപ്പൽ കൗൺസിൽ, ശ്രീ. കെ.ജി മുരളീധരൻ, മുനിസിപ്പൽ ചെയർ പേഴ്സൺ എന്നിവരുടെ

അപേക്ഷകൾ പരിഗണിച്ച് ശ്രീ.വി. രാജഗോപാലപിള്ള, ശ്രീ.കെ.ജി. മുരളീധരൻ എന്നിവരുടെ സസ്പെൻഷൻ വിശദമായ അന്വേഷണത്തിനും തുടർ നടപടികൾക്കും വിധേയമായി പിൻവലിച്ച് ടിയാളുകളെ തിരുവല്ല മുനിസിപ്പാലിറ്റിയിൽ തന്നെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**രാജൻ ഖോബ്രഗഡേ,**
**സെക്രട്ടറി.**

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവല്ല നഗരസഭ
ശ്രീ. വി. രാജഗോപാല പിള്ള, സൂപ്രണ്ട്
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. കെ.ജി. മുരളീധരൻ നായർ, യു.ഡി.ക്ലാർക്ക്
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

സെക്ഷൻ ഓഫീസർ